# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 05**

---

## എം.ജി സർവകലാശാലയിൽ അധ്യാപകരുടെ ഒഴിവുകളിലേക്ക് 31 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ പ്രഫസർ, അസോസിയേറ്റ് പ്രഫസർ, അസിസ്റ്റന്റ് പ്രഫസർ തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. മൂന്നു തസ്തികളിലുമായി ആകെ 26 ഒഴിവുകളാണുള്ളത്.

പ്രഫസർ തസ്തികയിൽ സ്കൂൾ ഓഫ് ലെറ്റേഴ്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻ, സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിസ് എന്നിവയിൽ ഓരോ ഒഴിവുകളുണ്ട്.

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് എന്നിവിടങ്ങളിലാണ് അസോസിയേറ്റ് പ്രഫസറുടെ ഒന്നുവീതം ഒഴിവുകളുള്ളത്.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് ലെറ്റേഴ്സ്, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്, സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രഫസറുടെ ഒന്നു വീതം ഒഴിവുകളുണ്ട്.

2018ലെ യു.ജി.സി മാർഗനിർദേശങ്ങൾ പ്രകാരം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾ അടങ്ങുന്ന വിജ്ഞാപനം സർവകലാശാലാ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. https://facultyrecruitment.mgu.ac.in/ എന്ന ലിങ്ക് മുഖേന ഒക്ടോബർ 31 വരെ അപേക്ഷ സമർപ്പിക്കാം. ഓൺലൈനിൽ സമർപ്പിക്കുന്ന

അപേക്ഷയുടെ ഹാർഡ് കോപ്പിയും അനുബന്ധ രേഖകളും നവംബർ അഞ്ചുവരെ സർവകലാശാലയിൽ നേരിട്ട് നൽകാം.

(പി.ആർ.ഒ/39/1196/2023)

## ഗാന്ധിയുടെ കേരള സന്ദർശനം; ഡോക്യുമെൻറേഷൻ പദ്ധതിക്ക് തുടക്കമായി

മഹാത്മാ ഗാന്ധി കേരളത്തിൽ നടത്തിയ അഞ്ച് സന്ദർശനങ്ങളുടെ ചരിത്രം ഡോക്യുമെൻറ് ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. വൈസ് ചാൻസലർ സി.ടി. അരവിന്ദ്കുമാർ ഗാന്ധിയുടെ കോട്ടയത്തെ സന്ദർശനത്തിന് സാക്ഷിയായ അഡ്വക്കേറ്റ് സത്യവാൻ നായരുമായി ഓൺലൈനിൽ സംവദിച്ചാണ് ഉദ്ഘാടനം നിർവഹിച്ചത്.

സിൻഡിക്കേറ്റ് അംഗം അഡ്വക്കേറ്റ് റെജി സക്കറിയ, അധ്യാപകരായ എം. പ്രഫ. എച്ച്. ഇല്ല്യാസ്, പ്രഫ. പി.പി. നൗഷാദ്, പി.എം. ആരതി, ശില്പ സതീഷ് തുടങ്ങിയവർ സന്നിഹിതരായി.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്പ്മെൻറ് സ്റ്റഡീസ് ആണ് ഡോക്യുമെൻറേഷൻ നടത്തുന്നത്.
ഒരു വർഷംകൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിക്ക് സാന്പത്തിക സഹായം നൽകുന്നത് രാഷ്ട്രീയ ഉച്ചാതാർ ശിക്ഷാ അഭിയാൻ (റൂസ)ആണ്.

കോട്ടയം, കൊച്ചി, ആലപ്പുഴ, തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, തൃശൂർ, വൈക്കം, പയ്യന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഗാന്ധി നടത്തിയ സന്ദർശനത്തിൻറെ ഓഡിയോ വിഷ്വൽ ഡോക്യുമെൻറേഷനാണ് പദ്ധതിയിൽ നടത്തുക. ഈ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന ദൃശ്യങ്ങളും, ചിത്രങ്ങളും രേഖകളും ഉൾപ്പെടുത്തി സർവകലാശാലയിൽ വിപുലമായ ആർക്കൈവ്സും ഒരുക്കും.

പ്രഫ. എം എച്ച്. ഇല്ല്യാസ്, പ്രഫ. പി.പി നൗഷാദ്,സി. നിഖിൽ, മുഹമ്മദ് തൽഹത്ത് എം, ആതിര അനിൽകുമാർ തുടങ്ങിയവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

**ഫോട്ടോ ക്യാപ്ഷൻ....**
മഹാത്മാ ഗാന്ധി കേരളത്തിൽ നടത്തിയ സന്ദർശനങ്ങളുടെ ചരിത്രം ഡോക്യുമെൻറ് ചെയ്യുന്ന പദ്ധതി വൈസ് ചാൻസലർ സി.ടി. അരവിന്ദ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/1197/2023)

## എം.ജിയിൽ സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ്

ആൻറ് ടെക്നോളജിയിൽ എം.എസ്.സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആൻറ് ടെക്നോളജി പ്രോഗ്രാമിൽ രണ്ടു സീറ്റുകൾ ഒഴിവുണ്ട്.

അർഹരായവർ അസൽ യോഗ്യതാ രേകളുമായി ഒക്ടോബർ 11ന് 12.30 ന് മുൻപ് സ്കൂൾ ഓഫീസിൽ(റൂം നം.302, കൺവെർജെൻസ് അക്കാഡമിയ കോംപ്ലക്സ്) നേരിട്ട് ഹാജരാകണം. ഫോൺ- 9497812510, 9400552374.

............................

ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ(ഐ.ഐ.യു.സി.എൻ.എൻ) എം.ടെക് പോളിമർ സയൻസ് ആൻറ് എൻജിനീയറിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യത സംബന്ധിച്ച വിവരങ്ങൾ iiucnn.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹരായവർ അസൽ രേഖകളുമായി ഒക്ടോബർ 12ന് 12.30ന് മുൻപ് ഐ.ഐ.യു.സി.എൻ.എൻ ഓഫീസിൽ(റൂം നം.302, കൺവെർജെൻസ് അക്കാഡമിയ കോംപ്ലക്സ്) നേരിട്ട് ഹാജരാകണം. ഫോൺ- 9497812510, 9400552374.

(പി.ആർ.ഒ/39/1198/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ബി.ആർക്ക്(2021 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ ഒക്ടോബർ 16ന് തുടങ്ങും. ഒക്ടോബർ ഒൻപതു വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഒക്ടോബർ 10നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 11നും അപേക്ഷ സ്വീകരിക്കും. വിദ്യാർഥികൾ 270 രൂപ സി.വി ക്യാമ്പ് ഫീസ് പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

(പി.ആർ.ഒ/39/1199/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എ മോഹിനിയാട്ടം, ഭരതനാട്യം, മ്യൂസിക്(വയലിൻ,വീണ,മൃദംഗം), കഥകളി സംഗീതം(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ ബി.വോക് സ്പോർട്ട്സ് ന്യൂട്രീഷൻ ആൻറ് ഫിസിയോതെറാപ്പി(പുതിയ സ്കീം - 2022 അഡ്മിഷൻ റുഗലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ഒൻപതു മുതൽ പാലാ, അൽഫോൻസാ കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...................

മെയ് മാസം വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് അനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ, വിഷ്വൽ അനിമേഷൻ ആൻറ് വിഷ്വൽ ഇഫക്ട്സ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ഒക്ടോബർ 7) ആരംഭിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

......................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി(സി.ബി.സി.എസ്.എസ്, പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ഏഴു മുതൽ അതത് കോളജുകളിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

..................

മെയ് മാസം വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് – മൾട്ടിമീഡിയ, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഓഡിയോഗ്രാഫി ആൻ്റ് ഡിജിറ്റൽ എഡിറ്റിംഗ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ഒക്ടോബർ 7) ആരംഭിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1200/2023)

## പരീക്ഷാഫലം

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ അനിമേഷൻ, എം.എ സിനിമ ആൻ്റ് ടെലിവിഷൻ, എം.എ ഗ്രാഫിക് ഡിസൈൻ, എം.എ മൾ്ടിമീഡിയ, എം.എ പ്രിൻ്റ് ആൻ്റ് ഇലക്ട്രോണിക് ജേണലിസം(പി.ജി.സി.എസ്.എസ് റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 19 വരെ ഓലൈനിൽ അപേക്ഷിക്കാം.

.............................

മാർച്ചിൽ നടത്തിയ മൂാം സെമസ്റ്റർ എം.എ സംസ്കൃതം സ്പെഷ്യൽ ന്യായ, സാഹിത്യ, വേദാന്ത, വ്യാകരണ(പ്രീ-റിവൈസ്ഡ് - പി.ജി.സി.എസ്.എസ്, 2019-2020

അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 18 വരെ ഓലൈനിൽ അപേക്ഷിക്കാം.

............................

ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ - സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസ് ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ്(2021 അഡ്മിഷൻ സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

...............................

നാലാം സെമസ്റ്റർ എം.എസ്.സി പ്ലാൻറ് ബയോടെക്നോളജി (പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.......................

സ്കൂൾ ഓഫ് കെമിക്കൽ സയൻസിൽ മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി(ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ) 2021 അഡ്മിഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 19 വരെ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1201/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**